സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യം പ്രമദിതവ്യം
PEOPLES REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 15 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## ബ്രഹ്മപുരം 'തീ' പൂർണമായും കെടുത്തി

# രണ്ടുദിവസം ജാഗ്രത: ജില്ലാ കലക്ടർ

കൊച്ചി: ബ്രഹ്മപുരത്തെ മാലിന്യപ്ലാന്റിലുണ്ടായ അഗ്നിബാധയും പുകയും പൂർണമായും അണച്ചെന്ന് ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. ബ്രഹ്മപുരത്തെ തീയണച്ചതിനെ തുടർന്ന് ഭാവിയിൽ ബ്രഹ്മപുരത്ത് തീപിടിത്തം ആവർത്തിക്കാതിരിക്കാനുള്ള പദ്ധതികൾ അവലോകനം ചെയ്യാൻ ചേർന്ന ദുരന്ത നിവാരണ അതോറിറ്റി യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു കലക്ടർ. എന്നാൽ, അടുത്ത 48 മണിക്കൂർ നിതാന്ത ജാഗ്രത തുടരും.

വായുവിന്റെ ഗുണനിലവാര സൂചികയും മെച്ചപ്പെട്ടു. പ്രദേശവാസികൾക്കായി അഞ്ചിടങ്ങളിൽ കൂടി ഇന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കും. കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ സ്പെഷ്യാലിറ്റി റെസ്പോൺസ് സെന്റർ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പിന്റെ ആരോഗ്യ സർവേയും ഇന്ന് മുതൽ ആരംഭിക്കും. ഇതിന്റെ ഭാഗമായി ആശ പ്രവർത്തകർക്ക് പരിശീലനം നൽകി. മൂന്ന് സെഷനുകളിലായി 202 ആശ പ്രവർത്തകർക്കാണ് കഴിഞ്ഞ ദിവസം പരിശീലനം നൽകിയത്.

ഓരോ വീടുകളിലും കയറി ആരോഗ്യസംബന്ധമായ വിവരങ്ങൾ ശേഖരിക്കും. ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ചാണ് ആശ പ്രവർത്തകർ വിവരങ്ങൾ ചേർക്കുക. ലഭ്യമാകുന്ന വിവരങ്ങൾ അപ്പോൾ തന്നെ പരിശോധിക്കാനും ക്രമീകരണങ്ങൾ ഏർപ്പെടുത്താനും സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. എറണാകുളം കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ സജ്ജമാക്കിയ മെഡിക്കൽ സ്പെഷ്യാലിറ്റി റെസ്പോൺസ് സെന്റർ ഇന്നുമുതൽ പ്രവർത്തനമാരംഭിക്കും. പുക ശ്വസിച്ചതുമായി ബന്ധപ്പെട്ട് എതെങ്കിലും തരത്തിലുള്ള അസ്വസ്ഥതകൾ ഉള്ളവർക്ക് മതിയായ വിദഗ്ധ ചികിത്സ ഉറപ്പുവരുത്താൻ ഇതിലൂടെ സാധിക്കും. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ മെഡിസിൻ, പൾമണോളജി, ഓഫ്ത്താൽമോളജി, പീഡിയാട്രിക്, ഡെർമറ്റോളജി എന്നീ വിഭാഗം ഡോക്ടർമാരുടെ സേവനങ്ങളും, കൂടാതെ എക്സ്റേ, അൾട്രാസൗണ്ട് സ്കാനിംഗ്, എക്കോ, കാഴ്ച പരിശോധന എന്നീ സേവനങ്ങളും ലഭ്യമാക്കും. ഫയർ ആന്റ് റെസ്ക്യൂ, റവന്യൂ, നേവി, എയർഫോഴ്സ്, സിവിൽ ഡിഫൻസ്, പോലിസ്, ഹോംഗാർഡ്, കോർപറേഷൻ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, എൽ.എൻ.ജി ടെർമിനൽ, ബി.പി.സി.എൽ, ആരോഗ്യം, എക്സ്കവേറ്റർ ഓപ്പറേറ്റർമാർ തുടങ്ങി എല്ലാവരുടെയും കൂട്ടായ അധ്വാനത്തിന്റെ ഫലമായാണ് തീയണയ്ക്കാനായത്. സ്മോൾഡറിംഗ് ഫയർ ആയതു കൊണ്ട് ചെറിയ തീപിടിത്തങ്ങൾ വരാനുള്ള സാധ്യത കണക്കിലെടുത്ത് അടുത്ത 48 മണിക്കൂർ ജാഗ്രത തുടരും. ചെറിയ തീപിടിത്തമുണ്ടായാലും അണയ്ക്കുന്നതിന് ഫയർ ആൻഡ് റെസ്ക്യൂ സേനാംഗങ്ങൾ ക്യാംപ് ചെയ്യുന്നുണ്ടെന്ന് അധികൃതർ അറിയിച്ചു.



ബ്രഹ്മപുരത്തെ മാലിന്യപ്ലാന്റിൽ നിന്നുള്ള ദൃശ്യം



# മറഞ്ഞിരുന്ന് റോസിന... പുറത്തിറങ്ങി നർഗീസ്...

## 'ചിലപ്പോൾ ദൈവം പെണ്ണായിരിക്കാം': പൗലോ കൊയ്‌ലോ

**താര കണ്ണോത്ത്**

ഒരേസമയം ദൈവവും പെണ്ണുമായിരിക്കുക.. സൃഷ്ടിയുടേയും കരുത്തിന്റേയും കരുതലിന്റേയും പ്രതീകമാവുക... സ്നേഹത്തിന്റെ മറുവാക്കാകുക... ഒരു പെണ്ണിന് മാത്രം സാധ്യമാകുന്ന ചില കരുത്തുകളും കരുതലുകളും പകർന്നുകൊടുത്ത് ദൈവം അയയ്ക്കുന്ന മാലാഖമാർ ഒരുപാടുണ്ട് ഭൂമിയിൽ...അത്ര തിളക്കമില്ലാതിരുന്ന ജീവിതത്തിൽ നിന്ന് കടന്നുവന്ന് ചുറ്റുപാടുമുള്ള ഒരുപാട് ജീവിതങ്ങളിൽ വിളക്കുമരമാവുന്നവർ...അശരണരുടെ ജീവിതത്തിലേക്ക് കൂട്ടിരിക്കാൻ ദൈവം പറഞ്ഞയയ്ച്ച മാലാഖയാണ് കോഴിക്കോട് ഫാറൂഖ് കാരാട് സ്വദേശി നർഗീസ് ബീഗം. ഭൂമിയിലെ മാലാഖമാരെന്ന് വാഴ്ത്തപ്പെടുന്ന നഴ്സുമാരിൽ ഒരാളായാണ് നർഗീസ് തന്റെ ഔദ്യോഗികജീവിതം തുടങ്ങിയതെങ്കിലും ഇന്ന് ഒരുപാട് നിസ്സഹായ ജീവിതങ്ങളിലേക്ക് കരുണയുടേയും പ്രത്യാശയുടേയും ചിറകുവിടർത്തി തണലേകുകയാണ് അവർ. മറ്റുള്ളവരെ സഹായിക്കാൻ, അവരുടെ മനസ്സിലെ പുഞ്ചിരിയാകാൻ ജോലി കഴിഞ്ഞുള്ള ഇത്തിരി സമയവും സാമീപ്യവും എന്ന വിലയേറിയ മൂലധനം മാത്രം മതി എന്ന് നർഗീസ് നിശബ്ദം തെളിയിച്ചു.ഫറോക്ക് കോയാസ് ഹോസ്പിറ്റലിലെ നഴ്സ് ആയ റോസിന ഡ്യൂട്ടി സമയം കഴിഞ്ഞുള്ള നേരങ്ങളിൽ വാർഡിലുള്ള ആരോരുമില്ലാത്ത രോഗികൾക്ക് കൂട്ടിരിക്കാൻ പോയാണ് ഇന്ന് നമ്മൾ അറിയുന്ന നർഗീസ് ബീഗം ആയത്. കഥകളും കവിതകളും എഴുതുന്ന, എഴുതുന്നതൊന്നും ആരും അറിയുന്നത് ഇഷ്ടമല്ലാത്ത റോസിന മാഗസിനുകൾക്ക് സൃഷ്ടികൾ അയച്ചു കൊടുക്കാൻ ഉപയോഗിച്ച തൂലികാ നാമമാണ് നർഗീസ് ബീഗം. പിന്നീട് ഫേസ്ബുക്ക് തുടങ്ങിയ കാലം മുതൽ അതിൽ സജീവമായ റോസിന ആശുപത്രിയിലെ രോഗികൾക്ക് കൂട്ടിരിക്കുന്നതിനിടയിൽ ഉണ്ടാകുന്ന അനുഭവങ്ങൾ ഫേസ്ബുക്കിൽ പങ്കുവയ്ക്കാനും നർഗീസ് ബീഗം എന്ന തൂലികാ നാമം ഉപയോഗിച്ചു. തുടക്കത്തിൽ ആരും സഹായത്തിനില്ലാത്ത, പാവപ്പെട്ട രോഗികൾക്ക് തന്റെ സമയവും സാമീപ്യവും മാത്രം ചിലവഴിച്ച് അവർക്ക് വലിയ അത്താണിയായി മാറുമ്പോൾ നർഗീസ് തന്നെ കരുതിക്കാണില്ല തന്റെ ജീവിത വഴിയിൽ ദൈവം തന്നിൽ വലിയൊരു നിയോഗമാണ് ഏൽപ്പിച്ചിട്ടുള്ളത് എന്ന്. നർഗീസിന്റെ സ്നേഹപരിചരണത്തിൽ സുഖം പ്രാപിച്ച് വീട്ടിലേക്ക് മടങ്ങുന്ന രോഗികളിൽ ചിലർ 'ഇന്നാ മോളെ ചായ കുടിച്ചോ' എന്ന് സ്വകാര്യമായിക്കൊടുക്കുന്ന സ്നേഹം നിറഞ്ഞ ഓരോ പൈസയും നർഗീസ് ഇഷ്ടത്തോടെ വാങ്ങി ഒരു ടിന്നിൽ അടച്ചുവെക്കാൻ തുടങ്ങി. സ്വന്തം ആർഭാടങ്ങൾക്കോ അലങ്കാരങ്ങൾക്കോ ആ പൈസയിൽ ഒരു തരിപോലും അവർ ഉപയോഗിച്ചില്ല. അതു മുഴുവൻ കൂട്ടിവച്ച് ഏറ്റവും അർഹരായി തനിക്കുമുന്നിൽ വരുന്ന അടുത്ത രോഗിക്ക് മരുന്നിനും യാത്രാ ചെലവിനും മറ്റുമായി കൊടുക്കുമ്പോൾ സ്നേഹവും നന്ദിയും കൊണ്ട് ആ കണ്ണുകളിൽ നിറയുന്ന അനുഗ്രഹം നർഗീസിന് പിന്നീടുള്ള വഴികളിൽ ഊർജ്ജമായി. വളരെ പാവപ്പെട്ട ഒരു കുടുംബത്തിലെ ഗദ്ദാമയായ ഉമ്മയുടെ മകളായ നർഗീസിന് കുഞ്ഞുനാൾ മുതലേ സ്വന്തം ആർഭാടങ്ങൾ അരോചകമായിരുന്നു.







നഴ്സ് ആയി ജോലിയിൽ പ്രവേശിച്ചത് മുതൽ രോഗികൾക്ക് കൂട്ടിരുന്ന് കേട്ടിരുന്ന് കിട്ടുന്ന അനുഭവങ്ങൾ ഓരോന്നും ഫേസ്ബുക്കിൽ ഓരോ ദിവസവും പങ്കുവെച്ചു. അനുഭവ കഥകളിൽ ഒന്നുപോലും ഒരിക്കൽപ്പോലും സഹായം അഭ്യർത്ഥിച്ചുള്ളവ ആയിരുന്നില്ല. നട്ടെല്ലിന് പരിക്കേറ്റ് കിടപ്പിലായിപ്പോയ രോഗികളുടേയും മറ്റും വീടുകളിലെ കാഴ്ചകൾ.... ചിതലരിച്ച കതകുകൾ, കർട്ടനുകൾ കൊണ്ട് മറച്ച ബാത്ത് റൂമുകൾ... അങ്ങനെ കാണുന്ന കാഴ്ചകൾ... അവർ അനുഭവിക്കുന്ന ശാരീരിക, മാനസിക, സാമ്പത്തിക പ്രയാസങ്ങൾ മാത്രം പങ്കുവച്ച കുറിപ്പുകൾക്ക് വന്ന കമന്റുകൾ പലതും സഹായം വാഗ്ദാനം ചെയ്തുള്ളവയായിരുന്നു. ആ സുമനസുകളിൽ നിന്ന് അവയെല്ലാം ഏറ്റുവാങ്ങി നർഗീസ് അർഹരിലേക്ക് എത്തിച്ചു കൊടുത്തു. പലരും പുതിയ വീട്ടിലേക്ക് പുത്തൻ സാധനങ്ങൾ വാങ്ങുമ്പോൾ പഴയത് ഒഴിവാക്കാൻ നർഗീസിനെ വിളിക്കും. അങ്ങനെ കേട്ടറിഞ്ഞ ഒരാൾ നർഗീസിനെ വിളിച്ചു ചോദിച്ചത് 'പഴയ സാധനങ്ങളെടുക്കുന്ന നർഗീസല്ലേ' എന്നായിരുന്നുവെന്ന് നിറഞ്ഞ പുഞ്ചിരിയോടെ പറയുമ്പോഴും ആ പഴയ സാധനങ്ങൾ ഏറ്റവും അത്യാവശ്യക്കാരിൽ എത്തിച്ച ചാരിതാർഥ്യമാണ് ആ പുഞ്ചിരിയിൽ നിറഞ്ഞു നിന്നത്. വിവാഹം കഴിഞ്ഞ് വയനാട്ടിൽ എത്തിയപ്പോൾ ആദിവാസികളുമായി ഇടപഴകാൻ പറ്റിയ നർഗീസ് അവരെക്കൂടി തന്നിലേക്ക് ചേർത്തുവച്ചു. സാമ്പത്തിക സഹായത്തേക്കാളുപരി അവർക്കാവശ്യം പല കാര്യങ്ങളിലും ഉപദേശങ്ങളും നിർദേശങ്ങളുമായിരുന്നു. ആദിവാസികൾക്കിടയിലും പ്രവർത്തിക്കാൻ തുടങ്ങിയ നർഗീസിനെ അഡോറ എന്ന എൻ.ജി.ഒ സംഘടന അതിൽ അംഗമാകാൻ ക്ഷണിച്ചു. കഴിഞ്ഞ പത്തു വർഷമായി അഡോറയുടെ ഡയരക്ടറാണ് നർഗീസ്. അഡോറയിൽ ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയതോടെ സഹായാഭ്യർത്ഥനകളും സഹായ വാഗ്ദാനങ്ങളും പതിവിലും കൂടുതലായി. വീൽചെയറായും, കതകായും, ഫർണിച്ചറുകളായും സാമ്പത്തികമായും തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള ആളുകൾ സഹായം തേടി നർഗീസിനെ വിളിച്ചു കൊണ്ടേയിരിക്കുന്നു. അഡോറയിൽ വരുന്ന അപേക്ഷകൾ അനുസരിച്ച് ജില്ലകൾ തിരിച്ചു നേരിട്ടുപോയി കണ്ട് പ്രയാസങ്ങൾ മനസിലാക്കി ഏതൊക്കെ രീതിയിൽ സഹായിക്കാൻ പറ്റുമെന്ന് പഠിച്ചതിനുശേഷം അവർക്കൊക്കെ സഹായം നൽകും. അങ്ങനെ മാസത്തിൽ 350 ആളുകളെ പല രീതിയിൽ സഹായിക്കുന്നു.

മരുന്ന്, ആശുപത്രി ചിലവുകൾ, ഭക്ഷണം, വീട്ടുവാടക തുടങ്ങി എല്ലാ മാസവും ഒന്നാം തീയതി തന്നെ അഞ്ചര ലക്ഷം രൂപ ചെലവ് വരുന്നു. ഇതിനു പുറമെ ഭവനരഹിതർക്ക് വീടുകൾ നിർമിച്ചു കൊടുക്കുന്നുമുണ്ട്. ഇതു വരെയായി 77 വീടുകൾ കൈമാറി. 78ാമത്തെ വീട് പൂർത്തിയായി. ഭവനരഹിതരുടെ അപേക്ഷകൾ നിരവധിയാണ്. ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് മുൻഗണന നൽകിയാണ് വീടുകൾ നിർമിച്ചു കൊടുക്കുന്നത്. വീടുവയ്ക്കാൻ സർക്കാർ ധനസഹായം നൽകുന്നവർക്ക് സ്ഥലം കിട്ടുക പലപ്പോഴും വഴിയില്ലാത്ത ഇടങ്ങളിലാവും. അത്തരം സന്ദർഭങ്ങളിൽ അഡോറയ്ക്ക് വീടുനിർമാണത്തിന് ഏഴര ലക്ഷത്തിനും മുകളിൽ ചിലവ് വരും. ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമിയിലോ വീടുകളിലോ ഇത്തരം കാര്യങ്ങൾ പ്രശ്നമാവാറില്ല. കാരണം പല ആദിവാസി കുടുംബങ്ങളും മലമുകളിലോ കുന്നിൻ ചെരിവുകളിലോ താമസിക്കാൻ ഇഷ്ടപ്പെടുന്നു. ടൈൽസ് ഇട്ട് വൃത്തിയാക്കികൊടുത്ത വീടുകളിൽ ടൈൽസിന് മുകളിൽ മണ്ണ് കുഴച്ച് പാകിയെടുത്ത നിലമാണ് ആദിവാസികൾ ഉപയോഗിക്കുക എന്ന് നർഗീസ് സാക്ഷ്യപ്പെടുത്തുന്നു. അവരുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ നിന്ന് കാര്യമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ആദിവാസികൾ തയ്യാറല്ല. എന്നാൽ ഹോസ്റ്റലുകളിലും മറ്റും താമസിച്ചു പഠിക്കുന്ന പുതുതലമുറയിലെ ആദിവാസിക്കുട്ടികൾ പലരും മാറ്റങ്ങൾ ആഗ്രഹിക്കുന്നവരാണ്. അത്തരം കുട്ടികൾക്ക് പി.എസ്.സി പരീക്ഷകൾക്ക് തയ്യാറെടുക്കാൻ നർഗീസ് എല്ലാ സഹായങ്ങളുമായി അവരുടെ കൂടെത്തന്നെയുണ്ട്. പലരും സർക്കാർ ജോലി നേടിയെന്നു പറയുമ്പോൾ ഒരു കുടുംബം രക്ഷപ്പെട്ട ആശ്വാസം നർഗീസിന്റെ വാക്കുകളിൽ പ്രകടമാണ്.

അഡോറയുടെ കീഴിൽ എട്ടു വർഷം മുമ്പ് തുടങ്ങിയ ഏയ്ഞ്ചെൽസ് എന്ന സൗജന്യ വസ്ത്രാലയം നർഗീസിലൂടെ ദൈവം നടത്തുന്ന ഇടപാടാണ്. കൈയിൽ പൈസയില്ലാത്തതിനാൽ പുതിയ ഉടുപ്പുകൾ സ്വപ്നം കാണാൻ പോലും പറ്റാത്തവർക്കുള്ള അനുഗ്രഹം. കേരളത്തിൽ ഏയ്ഞ്ചെൽസിന് ആറ് ശാഖകൾ ഉണ്ടായിരുന്നു. നാലെണ്ണം വയനാട്ടിലും ഒരെണ്ണം വീതം കൊല്ലത്തും കാസർകോട്ടും. ഇതിൽ കാസർകോടുള്ളത് തൽക്കാലം അടച്ചിട്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് ആളുകളാണ് ഈ എട്ടു വർഷത്തിനുള്ളിൽ ഏയ്ഞ്ചൽസിലൂടെ നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ അണിഞ്ഞ് നിറമേറിയ സ്വപ്നങ്ങളിലേക്ക് നടന്ന് കയറിയത്. കുട്ടികൾക്കുള്ള വസ്ത്രങ്ങൾ മുതൽ വിവാഹ വസ്ത്രങ്ങൾ വരെ തികച്ചും സൗജന്യമായി ഏയ്ഞ്ചെൽസിൽ നിന്ന് തിരഞ്ഞെടുക്കാം. ആവശ്യക്കാർക്ക് 25,000 രൂപയും അതിന് മുകളിലും വില വരുന്ന വിവാഹ വസ്ത്രങ്ങൾ തികച്ചും സൗജന്യമായി തിരഞ്ഞെടുക്കാം. നർഗീസ് പോലും ഇന്നോളം കാണുകയോ കേൾക്കുകയോ ചെയ്യാത്തവരാണ് ഏയ്ഞ്ചെൽസിന്റെ വസ്ത്രവിതരണക്കാർ.ജോലി ചെയ്യുന്ന കോയാസ് ഹോസ്പിറ്റലിൽ ആരോ നർഗീസിന്റെ പേരിൽ ഏൽപിച്ചു പോകുന്ന നാലോ അഞ്ചോ ബോക്സുകൾ നിറയെ വസ്ത്രങ്ങൾ, പലയിടങ്ങളിൽ നിന്നും പലരും വിളിച്ചു കൊടുക്കുന്ന പുത്തൻ മാറാത്ത വസ്ത്രങ്ങൾ, സ്വന്തം കുഞ്ഞുങ്ങൾക്ക് ഉടുപ്പ് വാങ്ങുമ്പോൾ അതേ പ്രായത്തിലും തരത്തിലുമുള്ള എവിടെയോ ഉള്ള ഏതോ കുഞ്ഞിന് വേണ്ടി പുത്തൻ ഉടുപ്പുകൾ അയക്കുന്ന വലിയ മനസ്സുകൾ, യ്ഞ്ചെൽസിന്റെ വെഡിങ് സെക്ഷനിലേക്ക് വിലകൂടിയ വിവാഹ വസ്ത്രങ്ങൾ സൗജന്യമായി നൽകുന്നവർ, എവിടെയോ ഉള്ള നിർധനയായ ഏതോ പെൺകുട്ടിയുടെ വിവാഹ സ്വപ്നങ്ങൾക്ക് എയ്ഞ്ചെൽസിലൂടെ നിറം പകരുന്നു, ങ്ങനെ ആരുടെയൊക്കെയോ കൈകളിലൂടെ നർഗീസിലെത്തുന്ന നിറപ്പകിട്ടാർന്ന വസ്ത്രങ്ങൾ അർഹരായ ഏതൊക്കെയോ ജീവിതങ്ങളിൽ നിറം പകരുന്ന ദൈവത്തിന്റെ മനോഹരമായ ഇടപെടലാണ് ഏയ്ഞ്ചെൽസ് എന്ന ഫ്രീ ഷോപ്പിംഗ് വസ്ത്രാലയം.

സ്വന്തം സമയവും സാമീപ്യവും മാത്രം കൈമുതലായുണ്ടായിരുന്ന നർഗീസിന്റെ സ്നേഹത്തിനും കരുതലിനും കിട്ടിയ അംഗീകാരങ്ങൾ നിരവധിയാണ്. 2023ലെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ടി.വിയുടെ മികച്ച ആരോഗ്യ പ്രവർത്തക അവാർഡ്, ഷാർജ മലബാർ കിച്ചൺ അവാർഡ്, വിജയ സ്മൃതി പുരസ്കാരം, രത്ന പുരസ്കാരം സൗത്ത് ഇന്ത്യൻ സിനിമ ടെലിവിഷൻ അവാർഡ് തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പുരസ്കാരങ്ങളാണ് കേരളത്തിൽ അങ്ങോളമിങ്ങോളം ഓടിനടന്ന് 'പഴയ സാധനങ്ങളെടുത്ത് 'അർഹരിലേക്കെത്തിച്ചും അശരണരെ ചേർത്തുപിടിച്ചും നർഗീസിനെ തേടിയെത്തിയത്. അതിൽ ഏറ്റവും അഭിമാനിക്കാവുന്ന മുഹൂർത്തമായി കാണുന്നത്, കുഞ്ഞുന്നാളിൽ തങ്ങളെ പോറ്റാൻ വേണ്ടി ഉമ്മ ഗദ്ദാമയായി ജോലി ചെയ്തിരുന്ന സൗദിയിൽ പോയപ്പോൾ അവിടെ കാത്തിരുന്ന സ്വീകരണങ്ങളാണ്. എത്തിയ അന്നു തന്നെ സൗദി വനിതാ ഫുട്ബോൾ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തതും കളിക്കാർ പരിചയപ്പെട്ടതും ഓട്ടോഗ്രാഫ് വാങ്ങിയതും സ്വപ്നസമാനമായ അനുഭവമായി നർഗീസ് കാത്തുവയ്ക്കുന്നു.

തന്റെ ഇന്നോളമുള്ള യാത്രകളിൽ ഏറ്റവും സഹായം നൽകിയ പ്രവാസികളുടെ ജീവിതവും ലേബർ ക്യാംപുകളും നേരിൽ കണ്ടപ്പോൾ ഏറെ സങ്കടപ്പെടുത്തിയെങ്കിലും ഒട്ടേറെ മൊമെന്റോകളും സൗദി പത്രങ്ങളിലെ വാർത്തകളും ഇന്റർവ്യൂകളും ഒക്കെയായി സൗദി നർഗീസിനെ സ്നേഹം കൊണ്ട് വീർപ്പുമുട്ടിച്ചു. ഡ്യൂട്ടി സമയം കഴിഞ്ഞുള്ള പാതിരാ നേരങ്ങളിൽ പോലും തന്നെ കാത്തുനിൽക്കുന്ന പാവങ്ങളുടെ അടുത്തേക്ക് നർഗീസ് ഓടിയെത്തുന്നു. ഈ യാത്രയിൽ തന്നെ 'വഷളാക്കുന്നത് ' ഉപ്പ ഹംസക്കോയയും ഉമ്മ കമറുന്നിസയും നൽകുന്ന അതിരുകളില്ലാത്ത പിന്തുണയാണെന്ന് അഭിമാനിക്കുന്നു. ദുരിതപൂർണമായ വിവാഹ ജീവിതത്തിൽ നിന്ന് പുറന്തോടു പൊട്ടിച്ച് പുറത്തിറങ്ങി അശരണർക്ക് അത്താണിയാവാനുള്ള ഊർജ്ജം നിറച്ചതും മാതാപിതാക്കളാണ്. വർഷങ്ങൾക്കിപ്പുറം എല്ലാ പ്രവർത്തനങ്ങളെയും നോക്കിക്കണ്ട് നർഗീസ് എങ്ങനെയാണോ അങ്ങനെയെന്ന് നെഞ്ചേറ്റി കൂടെ ചേർത്തുപിടിച്ച് പ്രവാസിയായ സുബൈർ ജീവിതത്തിലേയ്ക്ക് വന്നപ്പോൾ ആദ്യവിവാഹത്തിലെ രണ്ട് ആൺമക്കൾക്കും മാതാപിതാക്കൾക്കും സന്തോഷം മാത്രം.... ഭൂമിയിൽ അശരണരുടെ കാവൽ മാലാഖ തണലേകി അവരിൽ കുളിരുള്ള പുഞ്ചിരി വിടർത്തി പറന്നുകൊണ്ടേയിരിക്കുകയാണ്...

---

## സംസ്ഥാനത്ത് ചൂട് കനക്കുന്നു; വേനൽ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ചൂട് കൂടുന്നു. സംസ്ഥാനത്തെ ഏറ്റവും ഉയർന്നതാപനില കോട്ടയം ജില്ലയിൽ രേഖപ്പെടുത്തി. ഇവിടെ 38 ഡിഗ്രി സെൽഷ്യസാണ് രേഖപ്പെടുത്തിയ ഉയർന്ന താപനില. സാധരണയുള്ളതിനേക്കാളും അധികം ചൂടാണ് അനുഭവപ്പെടുന്നത്. പുനലൂരിൽ 37.5 ഡിഗ്രിയാണ് താപനില. വേനൽ മഴ ലഭിക്കാത്തതാണ് ചൂട് കൂടാൻ കാരണം. എറണാകുളം, കൊല്ലം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഇന്ന് നേരിയ മഴയുണ്ടാകാൻ സാധ്യതയുണ്ടെന്ന് കാലവസ്ഥാ വകുപ്പ് അറിയിച്ചു. രാവിലെ 11 മുതൽ വൈകുന്നേരം മൂന്നു വരെ നേരിട്ടുള്ള വെയിൽ കൊള്ളുന്നത് ഒഴിവാക്കണം. നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ കുടയോ, തൊപ്പിയോ ഉപയോഗിക്കണം. ചൂട് കാലമായതിനാൽ ദാഹമില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കണം. 65 വയസിന് മുകളിൽ പ്രായമുള്ളവർ, കുട്ടികൾ, ഹൃദ്രോഗം തുടങ്ങിയ രോഗമുള്ളവർ, കഠിന ജോലികൾ ചെയ്യുന്നവർ എന്നിവർക്ക് പ്രത്യേക കരുതലും സംരക്ഷണവും ആവശ്യമാണ്.

കുടിക്കുന്നത് ശുദ്ധജലമാണെന്ന് ഉറപ്പാക്കണം. എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ട് തോന്നിയാൽ ഉടൻ ചികിത്സ തേടണമെന്നും ആരോഗ്യ വകുപ്പ് നിർദേശം നൽകി. കൂടാതെ വേനൽ കാല ജാഗ്രത നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും ദുരന്ത നിവാരണ അതോറിറ്റിയും ആരോഗ്യവകുപ്പും അറിയിച്ചു.

## യു. ആർ. എഫ് ഗ്ലോബൽ അവാർഡും ഹാൾ ഓഫ് ഫെയിം ബഹുമതിയും സ്വീകരിച്ച് ഡോ. എസ്. അഹമ്മദ്

ദുബായ്: അന്തർദേശീയ ഓർഗനൈസേഷൻ യു.ആർ.എഫ് ഗ്ലോബൽ ഫോറം പ്രഖ്യാപിച്ച അവാർഡും ഹാൾ ഓഫ് ഫെയിം ബഹുമതിയും എൻ.ആർ.ഐ കൗൺസിൽ ഓഫ് ഇന്ത്യ ചെയർമാനും പ്രവാസി ഭാരതി ചീഫ് എഡിറ്ററുമായ പ്രവാസി ബന്ധു ഡോ.എസ്.അഹമ്മദ് ഖത്തർ ഗവൺമെന്റ് പ്രതിനിധിയും അൽ-റയീസ് ഗ്രൂപ്പ് ചെയർമാനുമായ ഡോ.അഹമദ് അൽ റയീസിയയിൽ നിന്നും സ്വീകരിച്ചു. ദുബായ് ഗ്രീക്കു ഷെറാട്ടൺ ഹോട്ടലിൽ വച്ചുനടന്ന അവാർഡ് ദാന ചടങ്ങിൽ യു.ആർ.എഫ് മേധാവി ഡോ.സൗദീഫ് ചാറ്റർജി അധ്യക്ഷത വഹിച്ചു. ഖത്തർ ഗിഫ ചെയർമാർ ഷുക്കൂർ കിനാലൂർ മുഖ്യ പ്രഭാഷണം നടത്തി.

സി.ഇ.ഒ ഡോ.സുനിൽ ജോസഫ്, എഡിറ്റർ ഡോ.നിർമ്മല ദേവി, കോ-ഓർഡിനേറ്റർ അമാനുള്ള വടക്കാങ്ങര എന്നിവർ പങ്കെടുത്തു. പത്തോളം രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾചടങ്ങിൽ സന്നിഹിതരായിരുന്നു. അവാർഡ് ജേതാക്കൾക്ക് ഫലകം, റെക്കോർഡ് സർട്ടിഫിക്കറ്റ്, ഹാൾ ഓഫ് ഫെയിം ബാഡ്ജ് എന്നിവയാണു നൽകിയത്.




യു.ആർ.എഫ് ഗ്ലോബൽ ഫോറം പ്രഖ്യാപിച്ച അവാർഡും ഹാൾ ഓഫ് ഫെയിം ബഹുമതിയും പ്രവാസി ബന്ധു ഡോ.എസ്.അഹമ്മദ് ഖത്തർ ഗവൺമെന്റ് പ്രതിനിധിയും അൽ-റയീസ് ഗ്രൂപ്പ് ചെയർമാനുമായ ഡോ.അഹമദ് അൽ റയീസിയയിൽ നിന്നും സ്വീകരിച്ചപ്പോൾ

# സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി

കോഴിക്കോട്: ജില്ലയിലെ പുരാതന തറവാടായ പുതിയ മാളിയേക്കൽ കുടുംബവേദിയുടേയും ആസ്റ്റർ മിംസ് ഹോസ്പിറ്റലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ രോഗ നിർണയ പരിശോധന ക്യാമ്പ് നടത്തി. പുതിയങ്ങാടി പുതിയ മാളിയേക്കൽ കുടുംബവേദിയുടെ വാർഷിക സമ്മേളനത്തോടൊനുബന്ധിച്ച് നടന്ന ക്യാമ്പ് തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്തു. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം രോഗാവസ്ഥ വളരെയേറെ മാനസിക സമ്മർദ്ദവും ശാരീരിക പ്രയാസങ്ങളും ഉണ്ടാക്കുന്ന ദയനീയതയാണ്. പല ശാരീരിക പ്രയാസങ്ങളും നേരിടുന്നവരിൽ പലപ്പോഴും കൃത്യമായ രോഗ നിർണയം നടക്കുന്നില്ല എന്നത് മറ്റൊരു




പുതിയ മാളിയേക്കൽ കുടുംബവേദിയുടേയും ആസ്റ്റർ മിംസ് ഹോസ്പിറ്റലിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൗജന്യ രോഗ നിർണയ പരിശോധന ക്യാമ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

പ്രതിസന്ധിയാണ്. അത്തരം പ്രതിസന്ധികൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഇത്തരം രോഗ നിർണയ ക്യാമ്പുകൾക്ക് സാധിക്കുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ലോക കേരള സഭാംഗവും പുതിയ മാളിയേക്കൽ കുടുംബ വേദി പ്രസിഡന്റുമായ പി.കെ കബീർ സലാല അധ്യക്ഷത വഹിച്ചു. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജിയുമായ എം.പി ഷൈജൽ, ലുക്ക്മാൻ പൊൻമാഡത്ത് (ആസ്റ്റർ മിംസ് സി.ഇ.ഒ) , എം.കെ മഹേഷ് (കോർപറേഷൻ കൗൺസിലർ ), പി.പ്രസീന (കോർപറേഷൻ കൗൺസിലർ ), പി.എം. മുസമ്മിൽ പുതിയറ , കെ.എം. സെബാസ്റ്റ്യൻ, കെ.അബൂബക്കർ കോയ, പി.എം ഹസ്സൻകോയ, കെ.നസീർ ഹുസൈൻ എന്നിവർ സംസാരിച്ചു. കെ.അബ്ദുൾ സമദ്, കെ.കുഞ്ഞമ്മദ്കോയ, കെ.കെ.ഷംസുദ്ദീൻ, പി.കെ റഫീഖ്, എം. ജുനൈദ്, കെ.കെ റഷീദ്, പി.എം ഷാനവാസ്, എസ്.എം. ഇസ്മയിൽ എന്നിവർ നേതൃത്വം നൽകി. ജനറൽ സെക്രട്ടറി കെ. മാമുക്കോയ സ്വാഗതവും ലീഗൽ അഡ്വൈസർ അഡ്വ.കെ മുനീർ അഹമ്മദ് നന്ദിയും പറഞ്ഞു.

## എൻ.പി ജോർജിനും സി.ബി.വി സിദ്ദീഖിനും രാജു നമ്പ്യാർക്കും ഗ്ലോബൽ എക്സലൻസ് അവാർഡ്

കോഴിക്കോട്: ഇൻഡോ-അറബ് കോൺഫെഡറേഷൻ കൗൺസിൽ ഏർപ്പെടുത്തിയ ഗ്ലോബൽ എക്സലൻസ് അവാർഡിന് പവിഴം റൈസ് ചെയർമാൻ എൻ.പി ജോർജ്, എമിറൈറ്റ്സ് സ്റ്റീൽ ട്യൂബ്സ് പ്രൈവറ്റ് ലിമിഡറ്റ് മാനേജിങ് പാർട്ണർ സി.ബി.വി സിദ്ദീഖ്, ഗോവയിലെ സാമൂഹ്യ-സാംസ്കാരിക-ജീവകാരുണ്യ പ്രവർത്തകനായ രാജു നമ്പ്യാർ എന്നിവർ അർഹരായി.25000 രൂപയും പ്രശസ്തിപത്രവും ശിൽപ്പവുമടങ്ങുന്ന പുരസ്കാരം 17ന് ഗോവ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന എൻ.ആർ.ഐ ഗ്ലോബൽ മീറ്റിൽവച്ച് ഗോവ ഗവർണർ പി.എസ് ശ്രീധരൻ പിള്ള സമ്മാനിക്കുമെന്ന് ഇൻഡോ-അറബ് കോൺഫെഡറേഷൻ ഗ്ലോബൽ പ്രസിഡന്റ് എം.വി കുഞ്ഞാമു, ജനറൽ സെക്രട്ടറി ആറ്റക്കോയ പള്ളിക്കണ്ടി എന്നിവർ അറിയിച്ചു.



എൻ.പി ജോർജ്, സി.ബി.വി സിദ്ദീഖ്, രാജു നമ്പ്യാർ




രാജസ്ഥാനിൽ നടന്ന ഇന്റർനാഷണൽ സോഷ്യൽ വർക്കേഴ്സ് കോൺഫറൻസിൽ വച്ച് ബാബു പാറാലിന് നായിക് ദീപ്ചന്ദ് പുരസ്കാരം നൽകിയപ്പോൾ

## ബാബു പാറാലിന് അന്തർദേശീയ പുരസ്കാരം

തലശ്ശേരി: ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ വഴിയോരങ്ങളിലെ മനുഷ്യർക്കുവേണ്ടി ദശകങ്ങളായി നിസ്വാർത്ഥ സേവനം നടത്തിവരുന്ന ജീവകാരുണ്യ പ്രവർത്തകൻ ബാബു പാറാലിന് അന്തർദേശീയ പുരസ്കാരം. രാജസ്ഥാനിൽ നടന്ന ഇന്റർനാഷണൽ സോഷ്യൽ വർക്കേഴ്സ് കോൺഫറൻസിൽ വച്ചാണ് അദ്ദേഹത്തെ പുരസ്കാരം നൽകി ആദരിച്ചത്. മലേഷ്യ, ദുബയ് , ഖത്തർ, കുവൈത്ത് , സൗദി അറേബ്യ, നേപ്പാൾ, ഭുട്ടാൻ ഇന്തോനേഷ്യ , മാലിദീപ് , ആൻഡമാൻ നിക്കോബാറും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള ജീവകാരുണ്യ പ്രവർത്തകരാണ് കോൺഫറൻസിൽ പങ്കെടുത്തത്. ഇരുകാലുകളും ഒരു കൈപത്തിയും നഷ്ടപ്പെട്ട കാർഗിൽ യോദ്ധാവ് നായിക് ദീപചന്ദ് ആണ് പുരസ്കാരവും മെഡലും സർട്ടിഫിക്കറ്റും ബാബു പാറാലിന് സമ്മാനിച്ചത്.

# 'തെക്കേപ്പുറം മഹിത പാരമ്പര്യത്തിന്റെ ദേശം'

കോഴിക്കോട്: സാംസ്കാരിക തനിമയും പാരമ്പര്യവും ഇന്നും കാത്തുസൂക്ഷിക്കുന്ന അപൂർവം ദേശങ്ങളിലൊന്നാണ് തെക്കേപ്പുറമെന്നും ദേശത്തിന്റെ പെരുമ ലോക പ്രശസ്തമാണെന്നും മന്ത്രി അഹമ്മദ് ദേവർ കോവിൽ അഭിപ്രായപ്പെട്ടു. കുറ്റിച്ചിറയിൽ പ്രവർത്തനം ആരംഭിച്ച തെക്കേപ്പുറം ഹെറിറ്റേജ് സൊസൈറ്റിയുടെ ഓഫിസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചരിത്ര പ്രസിദ്ധമായ തെക്കേപ്പുറത്തേക്ക് പ്രവേശിക്കുന്ന സൗത്ത് ബീച്ചിലും ഫ്രാൻസിസ് റോഡും പൈതൃക കവാടം സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു. ഉദ്ഘാടനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചരിത്ര ഫോട്ടോ എക്സിബിഷൻ ഉദ്ഘാടനം കാനത്തിൽ ജമീല എം.എൽ.എ നിർവഹിച്ചു. ചടങ്ങിൽ ഹെറിറ്റേജ് സൊസൈറ്റി പ്രസിഡന്റ് സി.എ ഉമ്മർകോയ അധ്യക്ഷത വഹിച്ചു. സീനിയർ ജേർണലിസ്റ്റ് എ.സജീവൻ മുഖ്യ പ്രഭാഷണം നടത്തി. കൗൺസിലർമാരായ കെ.മൊയ്തീൻ കോയ , എസ്.കെ.അബൂബക്കർ കോയ, ദാവൂദി ബോറ, ഖാസി ശൈഖ്, മുസ്തഫ വജ്ഹി, ആർ. ജയന്ത്കുമാർ , എം.അബ്ദുൽ ഗഫൂർ എന്നിവർ ആശംസകൾ നേർന്നു. സൊസൈറ്റി ജനറൽ സെകട്ടറി എം.വി റംസി ഇസ്മായിൽ സ്വാഗതവും ജോ.സെക്രട്ടറി കെ.വി ഇസ്ഹാഖ് നന്ദിയും പറഞ്ഞു. പ്രദർശനം 15 വരെ ദിവസവും വൈകീട്ട് 4.30 മുതൽ 6.30 വരെയുണ്ടാകും. സൊസൈറ്റിയുടെ നേതൃത്വത്തിൽ 'സതേൺ സോൾ' എന്ന പേരിൽ മ്യൂസിയവും ഒരുക്കുന്നുണ്ട്.



തെക്കേപ്പുറം ഹെറിറ്റേജ് സൊസൈറ്റിയുടെ ഓഫിസ് ഉദ്ഘാടനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ചരിത്ര ഫോട്ടോ എക്സിബിഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കാനത്തിൽ ജമീല എം.എൽ.എ

# യാന്ത്രികമായി ജോലി ചെയ്യുന്നവരെയേ നിർമിതബുദ്ധിക്ക് ജയിക്കാനാവൂ: കൽപ്പറ്റ നാരായണൻ

കോഴിക്കോട്: യാന്ത്രികവും പരമ്പരാഗതവുമായ രീതിയിൽ തൊഴിൽ ചെയ്യുന്നവരെ മാത്രമേ നിർമിത ബുദ്ധിക്ക് കീഴ്പ്പെടുത്താനാകൂവെന്ന് കവിയും പ്രഭാഷകനുമായ പ്രൊഫ. കൽപ്പറ്റ നാരായണൻ അഭിപ്രായപ്പെട്ടു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിന്റെ 24ാമത് ബിരുദദാന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മനുഷ്യന്റെ സർഗാത്മകതയോട് തുലനം ചെയ്യുമ്പോൾ അൽഗോരിതം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യകൾക്ക് പരിമിതികളുണ്ട്. അതിനാൽ തന്നെ നിർമിത ബുദ്ധിക്ക് മനുഷ്യ സർഗാത്മ







1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസത്തിന്റെ 24ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുന്ന കൽപ്പറ്റ നാരായണൻ 2. ഒന്നാം റാങ്ക് ജേതാവിന് മാതൃഭൂമി ഏർപ്പെടുത്തിയ സ്വർണ മെഡൽ അമൃത ജി.ആറിന് മീഡിയവൺ ചാനൽ എഡിറ്റർ പ്രമോദ് രാമൻ സമ്മാനിച്ചപ്പോൾ

കതയെ പിന്തള്ളാൻ ഒരുനാളും സാധ്യമല്ല. നവീനവും നൂതനവുമായ ആവിഷ്കാരം അവയ്ക്ക് കഴിയില്ലായെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കാലിക്കറ്റ് പ്രസ് ക്ലബ് ഹാളിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനവും ഉപഹാര വിതരണവും മീഡിയവൺ ചാനൽ എഡിറ്റർ പ്രമോദ് രാമൻ നിർവഹിച്ചു. ഒന്നാം റാങ്ക് ജേതാവിന് മാതൃഭൂമി ഏർപ്പെടുത്തിയ സ്വർണ മെഡൽ അമൃത ജി.ആറിന് അദ്ദേഹം സമ്മാനിച്ചു. പ്രസ് ക്ലബ് പ്രസിഡന്റ് എം.ഫിറോസ്ഖാൻ അധ്യക്ഷത വഹിച്ചു. ഐ.സി.ജെ ഡയറക്ടർ വി.ഇ ബാലകൃഷണൻ റിപ്പോർട്ട് അവതരിപ്പിച്ചു. ചന്ദ്രിക എഡിറ്റർ കമാൽ വരദൂർ ആശംസ നേർന്നു. പ്രസ് ക്ലബ് സെക്രട്ടറി പി.എസ് രാകേഷ് സ്വാഗതവും ട്രഷറർ പി.വി നജീബ് നന്ദിയും പറഞ്ഞു.

## സാർവ്വദേശീയ വനിതാ പഞ്ചദിനാഘോഷം സമാപിച്ചു

കോഴിക്കോട്: സർവ്വദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് ദർശനം വനിതാവേദിയുടെ ആഭിമുഖ്യത്തിൽ ഏഴിന് ആരംഭിച്ച് വ്യത്യസ്ത പരിപാടികളോടെ നടന്നുവന്ന പഞ്ചദിനാഘോഷം സമാപിച്ചു. 'പുതുമയും സാങ്കേതിക വിദ്യയും ലിംഗ സമത്വത്തിന്' എന്ന ഈ വർഷത്തെ സാർവ്വദേശീയ വനിതാദിന വിഷയത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ മാത്രം പൂർണ പങ്കാളിത്തത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. സംവാദ പരിപാടിക്ക് കോഴിക്കോട് സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് വിമൻ സ്റ്റഡീസ് റിസർച്ച് സ്കോളർ ദിൽഷാദ് ലില്ലി നേതൃത്വം നൽകി. കലാവതരണങ്ങൾ നടത്തിയ വനിതകൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ദർശനം ഓൺലൈൻ വായനാമുറിയിൽ സ്ത്രീ രചനോത്സവം




സാർവ്വദേശീയ വനിതാ പഞ്ചദിനാഘോഷത്തിന്റെ സമാപനത്തിൽ നിന്ന്

തുടർന്നുവരുന്നുണ്ട്. ദർശനം സാംസ്കാരിക വേദി വൈസ് പ്രസിഡണ്ട് സി.പി ആയിഷബി അധ്യക്ഷത വഹിച്ച പരിപാടിയിൽ കേരള സ്റ്റേറ്റ് റൂട്രോണിക്സ് ചെയർപേഴ്സൺ സി.എൻ സുഭദ്ര പ്രസംഗിച്ചു. സംഘാടക സമിതി കൺവീനർ എം.എൻ രാജേശ്വരി സ്വാഗതവും താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം പി.കെ ശാലിനി നന്ദിയും പറഞ്ഞു.




ജെ.സി.ബി സാഹിത്യ പുരസ്കാരം 2022ലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്ത 'വല്ലി' നോവലിനെക്കുറിച്ചുള്ള സാഹിത്യ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്ന എം.മുകുന്ദനും ഷീലാ ടോമിയും

## ജെ.സി.ബി സാഹിത്യ പുരസ്കാരം; 'വല്ലി' നോവലിനെ കുറിച്ച് ചർച്ച സംഘടിപ്പിച്ചു

കണ്ണൂർ: സ്വന്തം അനുഭവങ്ങൾ നോവലാക്കുമ്പോഴാണ് വായനക്കാരിൽ നിന്ന് കൂടുതൽ സ്വീകാര്യത ലഭിക്കുകയെന്ന് പ്രശസ്ത എഴുത്തുകാരൻ എം.മുകുന്ദൻ പറഞ്ഞു. ഡൽഹിയിൽ ജീവിച്ച തന്റെ അനുഭവം മുൻനിർത്തി ഡൽഹി നോവൽ രചിച്ചപ്പോൾ തനിക്കിത് നേരിട്ട് മനസ്സിലായെന്നും അദ്ദേഹം പറഞ്ഞു. ജെ.സി.ബി സാഹിത്യ പുരസ്കാരം 2022ലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്ത 'വല്ലി' നോവലിനെക്കുറിച്ചുള്ള സാഹിത്യ സംഭാഷണത്തിൽ സംസാരിക്കുകയായിരുന്നു മുകുന്ദൻ.

കണ്ണൂർ സിറ്റി സെന്ററിലെ ഡി.സി ബുക്സിലാണ് പരിപാടി സംഘടിപ്പിച്ചത്. നഷ്ടബോധമാണ് എഴുത്തുകാരന്റെ സർഗാത്മകതയെ ഉണർത്തുന്നതെന്നും ഇതുകൊണ്ടാണ് പ്രവാസ ജീവിതം നയിക്കുന്നവരിൽ നിന്ന് നല്ല കൃതികൾ ഉണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ആദ്യം നല്ല വായനക്കാരനായി മാറിയാലേ പിന്നീട് നല്ല എഴുത്തുകാരനായി മാറുവാൻ സാധിക്കുകയുള്ളൂവെന്നും മുകുന്ദൻ കൂട്ടിച്ചേർത്തു. വയനാട്ടിൽ ജനിച്ചു വളർന്നുവെന്നതിലാണ് വയനാടിനെ അടുത്തറിഞ്ഞ ഒരു നോവൽ എഴുതുവാൻ കഴിഞ്ഞതെന്ന് ചടങ്ങിൽ സംസാരിച്ച നോവലിസ്റ്റ് ഷീലാ ടോമി പറഞ്ഞു.

### ഐ.എം.എ സമരം 17ന്

കോഴിക്കോട്: കോഴിക്കോട് ഫാത്തിമ ആശുപത്രിയിൽ ഡോക്ടറെ അക്രമിച്ച സംഭവം നടന്ന് ഒരാഴ്ച പിന്നിട്ടിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാൻ വൈകുന്നതിൽ പ്രതിഷേധിച്ച് 17ന് സംസ്ഥാനത്ത് മെഡിക്കൽ സമരം നടത്തുമെന്ന് ഐ.എം.എ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അഞ്ച് ദിവസത്തിൽ ഒന്ന് എന്ന കണക്കിലാണ് സംസ്ഥാനത്ത് ആശുപത്രി ആക്രമണങ്ങൾ നടക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ 200ലേറെ ആശുപത്രി ആക്രമണങ്ങളാണ് നടന്നിട്ടുള്ളത്. കോഴിക്കോട് സംഭവത്തിലെ മുഴുവൻ പ്രതികളെ അറസ്റ്റ് ചെയ്യുക, ആശുപത്രികളെ സംരക്ഷിത മേഖലയാക്കി പ്രഖ്യാപിക്കുക, ആശുപത്രി ആക്രമണങ്ങളെ കുറിച്ച് ഹൈക്കോടതി നിർദേശങ്ങൾ പാലിക്കപ്പെടുന്നെന്ന് ഉറപ്പാക്കുക, ഫാത്തിമ ആശുപത്രിയിലെ സംഭവത്തിലെ പ്രതികൾ രക്ഷിക്കപ്പെടുവാനുണ്ടായ സാഹചര്യം അന്വേഷിക്കുക, പ്രതിഷേധ സമരത്തിൽ പങ്കെടുത്ത ഡോക്ടർമാർക്കെതിരായി എടുത്ത കേസുകൾ പിൻവലിക്കണമെന്നും അവർ ആവശ്യപ്പെട്ടു. വാർത്താസമ്മേളനത്തിൽ ഡോ.ബി.വേണുഗോപാലൻ, ഡോ.കെ സന്ധ്യക്കുറുപ്പ്, ഡോ. പി.എൻ അജിത, ഡോ.അനീൻ എൻ.കുട്ടി, ഡോ.ശങ്കർ മഹാദേവൻ എന്നിവർ സംബന്ധിച്ചു.

# നാദാപുരത്ത് തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിനെ സംബന്ധിച്ച് പൊതുവിചാരണ സംഘടിപ്പിച്ചു

നാദാപുരം: ഗ്രാമ പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടത്തിയ 181 പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുകയും 22 വാർഡുകളിലും പ്രത്യേകം ഗ്രാമസഭ ചേർന്ന് ചർച്ച ചെയ്യുകയും ചെയ്ത ഓഡിറ്റ് റിപ്പോർട്ടിനെ സംബന്ധിച്ച് പൊതുവിചാരണ സംഘടിപ്പിച്ചു. മണ്ണ്-ജല സംരക്ഷണം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഭവന നിർമാണം, കൃഷി അനുബന്ധപ്രവൃത്തികൾ, റോഡ് പ്രവൃത്തികൾ, വ്യക്തിഗത ആസ്തി നിർമാണം, പൊതുവായ ഭൂവികസന പ്രവൃത്തികൾ എന്നിവയായിരുന്നു പ്രധാനപ്പെട്ട പ്രവൃത്തികൾ. പൊതുവിചാരണ വൈസ് പ്രസിഡന്റ് അഖില മര്യാട്ട് ഉദ്ഘാടനം ചെയ്തു. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി.കെ നാസർ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽഹമീദ് സ്വാഗതം പറഞ്ഞു. വാർഡ് മെമ്പർ പി.പി ബാലകൃഷ്ണൻ, ബ്ലോക്ക് ജോയിൻ ബി.ഡി.ഒ ജി. സ്വപ്ന, അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ, തൊഴിലുറപ്പ് അസിസ്റ്റന്റ് സെക്രട്ടറി നവനീത് രാജഗോപാലൻ എന്നിവർ ആശംസകൾ നേർന്നു. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ബ്ലോക്ക് റിസോഴ്സ് പേഴ്സൺ എൻ.പി ശ്രീജിഷ അവതരിപ്പിച്ചു. തൊഴിലുറപ്പ് മാറ്റ്മാർ, തൊഴിലാളികൾ എന്നിവർ പൊതു വിചാരണയിൽ പങ്കെടുത്തു. നാദാപുരം ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തിൽ നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയിൽ 5,46,12160 രൂപ ചെലവഴിച്ചിട്ടുണ്ട്. 124 കുടുംബം 100 ദിനം പൂർത്തീകരിക്കുകയും 439 കുടുംബങ്ങൾ 90ന് മുകളിൽ തൊഴിൽ ദിനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.




തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിനെ സംബന്ധിച്ചുള്ള പൊതുവിചാരണ വൈസ് പ്രസിഡന്റ് അഖില മര്യാട്ട് ഉദ്ഘാടനം ചെയ്തപ്പോൾ

# കല്ലാച്ചിയിൽ ഒരു കടത്തനാടൻ ചരിത്രപ്പിറവി കൂടി

## ബിസ്മാളിന്റെ ഭാഗമായി കടത്തനാട് സിറ്റി ആറുമാസത്തിനകം പൂർത്തീകരിക്കും



നാദാപുരം: കടത്താനാടിന്റെ ചരിത്രത്തിൽ പുതിയൊരു അധ്യായം രചിക്കാൻ കടത്തനാട് സിറ്റി ഒരുങ്ങുന്നു. വികസന പാതയിൽ അനുദിനം മുഖം മിനുങ്ങുന്ന കല്ലാച്ചിയുടെ ഹൃദയത്തട്ടിൽ ആറ് മാസത്തിനകം നിർമാണം പൂർത്തീകരിക്കുന്ന കടത്തനാട് സിറ്റി വിപണന രംഗത്ത് പുതിയഅനുഭവം തന്നെ സമ്മാനിക്കും.

കല്ലാച്ചിയുടെ നടുവിൽ ഒരുങ്ങുന്ന ബിസ്മാളിന്റെ ഭാഗമായാണ് പുതിയ നഗരം പിറവിയെടുക്കുന്നത്. വിദേശ രാജ്യങ്ങളിൽ നാം ഏറെ കൗതുകത്തോടെ മാത്രം നോക്കികണ്ടിരുന്ന ഉന്നത നിലവാരത്തോടെ നിർമിച്ചു പരിപാലിച്ചുപോരുന്നതും ഉയർന്ന നിലയിൽ ബിസിനസ് ചെയ്യുന്ന ഹൈടെക് മാർക്കറ്റ് നമ്മുടെ സ്വന്തം നാട്ടിൽ തന്നെ അനുഭവിക്കാൻ സാധിക്കുമെന്നത് ഓരോരുത്തർക്കും അഭിമാനിക്കാൻ വക നൽകുന്നതാണ്. സാമ്പത്തികമായും, ജനസാന്ദ്രതകൊണ്ടും ഏറെ മുന്നിൽ നിൽക്കുന്ന കല്ലാച്ചി ടൗണിൽ കടത്തനാട് സിറ്റി നാട്ടുകാർക്ക് പുതിയൊരു അനുഭൂതി തന്നെ സമ്മാനിക്കും. കൊവിഡിന് ശേഷമുള്ള ഷോപ്പ് ബിസിനസ് പൊതുവിൽ ആസ്വാദനത്തിന് കൂടി പ്രാധാന്യം നൽകുന്ന തരത്തിലാണ് വിഭാവനം ചെയ്യുന്നത്.അതുക്കൊണ്ട് തന്നെ പ്രാദേശിക വാണിജ്യ വിപണന രംഗത്ത് വലിയൊരു മാറ്റവും മാതൃകയും സൃഷ്ടിക്കപ്പെടും.

അതിലൂടെ നാട്ടിലെ ബിസിനസ് മേഖലയെ വൻ പുരോഗതിയിൽ എത്തിക്കാനും കടത്തനാട് സിറ്റിക്ക് സാധിക്കും. ഗ്രാമീണ പശ്ചാത്തലത്തിൽ നിന്നും ഒരു നഗരത്തിന്റെ പുതുമോടിയിലേക്ക് കല്ലാച്ചി ടൗൺ മാറേണ്ടതായ എല്ലാ സാഹചര്യങ്ങളും ഒത്തുവന്നിട്ടുണ്ടെങ്കിലും, സൗകര്യങ്ങളുടെ അപര്യാപ്തത മൂലം വീർപ്പുമുട്ടുന്നതാണ് കല്ലാച്ചിയിലെ ബിസിനസ് മേഖലയുടെ വളർച്ചക്ക് തടസം നിൽക്കുന്നത്. പുതിയ മെയിൻ റോഡ് വികസനത്തോടെ നാടിന്റെ മുഖമുദ്രയായി നിലനിന്നിരുന്ന പ്രമുഖ സ്ഥാനപങ്ങളുടെ ഭാവിയും ഇപ്പോൾ അനിശ്ചിതത്വത്തിലാണ്.

ഈ സാഹചര്യത്തിലാണ് കടത്തനാട് സിറ്റി എന്ന നഗരത്തിന്റെ പ്രതിച്ഛായ തന്നെ തിരുത്തിയെഴുതുന്ന ഹൈടെക് കൊമേഴ്ഷ്യൽ കോംപ്ലെക്സിന്റെ പ്രസക്തി വർധിക്കുന്നത്. ഏകദേശം 200 കാർ പാർക്കിങ് സൗകര്യത്തോടെ നഗരത്തിന്റെ ഹൃദയ ഭാഗത്ത് തന്നെ വിരിഞ്ഞു നിൽക്കുന്ന അഞ്ചു നില കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലാണ് കടത്തനാട് സിറ്റി വിഭാവനം ചെയ്യുന്നത്. മുകളിലുള്ള മൂന്ന് നിലകൾ ഷോപ്പിങ് മാൾ ആണ്. താഴെ ഒരുനില ഉൾപ്പെടെയുള്ള സ്ഥലത്താണ് പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുള്ളത്. വീതി കൂടുന്ന മെയിൻ റോഡ് വികസനത്തോടെ മുഖം മാറുന്ന കല്ലാച്ചിയുടെ മുഖമുദ്രയായി കടത്തനാട് സിറ്റി നാടിന് സമർപ്പിക്കുമ്പോൾ, അത് വികസന വഴിയിലെ പുതിയ നാഴികകല്ലാകും.

## തീപിടിത്തത്തിനുശേഷമുള്ള ആദ്യ മഴ സൂക്ഷിക്കണം; കൊച്ചിക്കാർക്ക് മുന്നറിയിപ്പുമായി മലിനീകരണ നിയന്ത്രണ ബോർഡ്



കൊച്ചി: ബ്രഹ്മപുരത്തെ മാലിന്യപ്ലാന്റിലുണ്ടായ തീ പൂർണമായും അണച്ചെങ്കിലും കൊച്ചി നിവാസികൾ ഇനി കൂടുതൽ സൂക്ഷിക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചീഫ് എൻജിനീയറുടെ മുന്നറിയിപ്പ്. വിഷവാതകങ്ങളുടെ അളവ് കഴിഞ്ഞയാഴ്ച വളരെക്കൂടുതലായിരുന്നു. ഡയോക്സിൻ പോലുള്ള വിഷ വസ്തുക്കൾ അന്തരീക്ഷത്തിൽ കൂടുതലാണെന്ന് നേരത്തെ തന്നെ കണ്ടെത്തിയിട്ടുണ്ട്. തീപിടിത്തത്തിനു ശേഷമുള്ള ആദ്യ മഴയിൽ അന്തരീക്ഷത്തിലുള്ള ഡയോക്സിൻ അടക്കമുള്ളവ മഴവെള്ളത്തിനൊപ്പം കുടിവെള്ള സ്രോതസുകളിൽ എത്താൻ സാധ്യത ഏറെയാണ്. അതിനാൽ കൊച്ചിക്കാർ കൂടുതൽ ശ്രദ്ധിക്കണമെന്നും അധികൃതർ പറഞ്ഞു. വൈറ്റില, മരട്, ഇരുമ്പനം, തൃപ്പൂണിത്തുറ മേഖലകളിലുള്ളവർ കൂടുതൽ ശ്രദ്ധിക്കണം, ഡയോക്സിൻ പോലുള്ളവ നശിക്കില്ല, വെള്ളത്തിലും മണ്ണിലും അന്തരീക്ഷത്തിലും ശേഷിക്കും. ഇത് മനുഷ്യ ശരീരത്തെ ബാധിക്കുമെന്നാണ് പഠനങ്ങൾ വിശദമാക്കുന്നത്. ഇവ ഹോർമോൺ വ്യതിയാനമുണ്ടാക്കും, പ്രത്യുൽപാദന ശേഷി ഇല്ലാതാക്കും കൊച്ചിയുടെ അന്തരീക്ഷത്തിൽ ഡയോക്സിൻ അളവ് കൂടിയ അളവിലെന്ന് രണ്ടു വർഷം മുൻപ് തന്നെ കണ്ടെത്തിയിരുന്നു.

## ഭോപ്പാൽ വാതക ദുരന്തം: ഇരകൾക്ക് നഷ്ടപരിഹാരം കൂടുതൽ നൽകണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി



ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്ടറിയുടെ പ്ലാന്റ്

ന്യൂഡൽഹി: ഭോപ്പാൽ വാതക ദുരന്തത്തിലെ ഇരകളുടെ നഷ്ടപരിഹാരം വർധിപ്പിക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി. ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ അധ്യക്ഷനായ അഞ്ചംഗ ഭരണഘടന ബെഞ്ചാണ് കേന്ദ്ര സർക്കാർ നൽകിയ തിരുത്തൽ ഹർജി തള്ളിയത്. 7400 കോടി രൂപ അധിക നഷ്ട പരിഹാരം നൽകണം എന്നായിരുന്നു കേന്ദ്ര സർക്കാരിന്റെ ആവശ്യം. നഷ്ടപരിഹാരത്തിൽ കുറവുണ്ടെങ്കിൽ നികത്തേണ്ട ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനാണെന്നും ഇരകൾക്കായി ഇൻഷുറൻസ് പോളിസി എടുക്കാതിരുന്നത് കേന്ദ്ര സർക്കാരിന്റെ വലിയ വീഴ്ചയാണെന്നും കോടതി നിരീക്ഷിച്ചു. തട്ടിപ്പ് നടന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒത്തുതീർപ്പിൽ നിശ്ചയിച്ച നഷ്ടപരിഹാരം റദ്ദാക്കാനാകൂ. എന്നാൽ, തട്ടിപ്പ് നടന്നുവെന്ന് തെളിയിക്കുന്ന ഒന്നും കേന്ദ്രത്തിനു ഹാജരാക്കാൻ ആയില്ലെന്നും കോടതി പറഞ്ഞു. വിഷയം രണ്ട് പതിറ്റാണ്ടിന് ശേഷം ഉന്നയിക്കുന്നതിന്റെ യുക്തി വിശദീകരിക്കാൻ കഴിയാത്ത കേന്ദ്ര സർക്കാർ നടപടിയിൽ സുപ്രീം കോടതി അതൃപ്തി രേഖപ്പെടുത്തി. റിസർവ് ബാങ്കിന്റെ പക്കലുള്ള 50 കോടി രൂപ നഷ്ടപരിഹാര വിതരണത്തിന് ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സുപ്രീം കോടതി നിർദേശിച്ചു.




## റെയിൽവേ സ്റ്റേഷനിൽ വീപ്പയ്ക്കുള്ളിൽ വീണ്ടും സ്ത്രീയുടെ മൃതദേഹം

# ബംഗളൂരുവിൽ മൂന്ന് മാസത്തിനിടെ മൂന്നാമത്തെ സംഭവം

## സീരിയൽ കില്ലറാണെന്ന സംശയത്തിൽ പോലിസ്

ബംഗളൂരു: റെയിൽവേ സ്റ്റേഷനിൽ സ്ത്രീയുടെ മൃതദേഹം വീപ്പക്കുള്ളിലാക്കി ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. ബംഗളൂരുവിലെ എസ്.എം.വി.ടി റെയിൽവേ സ്റ്റേഷനിലാണ് മൃതദേഹം കണ്ടെത്തിയത്. വീപ്പയ്ക്കുള്ളിലാക്കിയ മൃതദേഹം തുണിയിട്ട് മൂടിയ നിലയിലായിരുന്നു. 31നും 35നും ഇടയിൽ പ്രായമുള്ള സ്ത്രീയാണ് മരിച്ചതെന്ന് പോലിസ് പറഞ്ഞു. റെയിൽവേ സ്റ്റേഷൻ കവാടത്തിന് സമീപം മൂന്ന് പേർ ഓട്ടോറിക്ഷയിൽ വീപ്പ കൊണ്ടിറക്കുന്നതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ പോലിസിന് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് മാസത്തിനിടെ സമാന രീതിയിൽ കണ്ടെത്തുന്ന മൂന്നാമത്തെ സ്ത്രീയുടെ മൃതദേഹമാണിത്. ഡിസംബറിൽ ബൈപ്പനഹള്ളിയിലും ജനുവരിയിൽ യശ്വന്ത്പുരയിലും സ്ത്രീകളുടെ മൃതദേഹങ്ങൾ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയിരുന്നു. എന്നാൽ, കൊലപാതകങ്ങൾക്ക് പിന്നിൽ ഒരു സീരിയൽ കില്ലർ ആകുമെന്ന നിഗമനത്തിലാണ് പോലിസ്. 'റെയിൽവേ സ്റ്റേഷനിൽ ഇത്തരത്തിൽ മൃതദേഹം കണ്ടെത്തുന്നത് മൂന്നാമത്തെ തവണയാണ്. തീർച്ചയായും ഇത് ഒരു പരമ്പരയായിരിക്കാനാണ് സാധ്യത. ഒരേ വ്യക്തി തന്നെയാകാം ഈ കൊലപാതകം നടത്തിയിരിക്കുന്നത്', ആർ.പി.എഫ് ഉദ്യോഗസ്ഥർ പറഞ്ഞു. ഡിസംബറിൽ ബൈപ്പനഹള്ളിയിൽ നിർത്തിയിട്ട ട്രെയിനുള്ളിലെ കംപാർട്മെന്റിലാണ് സ്ത്രീയുടെ മൃതദേഹം കണ്ടെത്തിയത്. ജനുവരിയിൽ യശ്വന്ത്പുരയിൽ റെയിൽവേ സ്റ്റേഷനിലെ വീപ്പയ്ക്കുളളിലാണ് സ്ത്രീയുടെ മൃതദേഹം കണ്ടെത്തിയത്. കൊല്ലപ്പെട്ട മൂന്ന് പേരും ഏതാണ്ട് ഒരേ പ്രായത്തിലുള്ളവരാണ്. മൂന്ന് കൊലപാതകങ്ങൾ സംബന്ധിച്ചും വ്യക്തമായ തെളിവുകൾ കിട്ടിയിട്ടില്ല. മൃതദേഹങ്ങൾ പ്രത്യേകം പരിശോധനയ്ക്ക് വിധേയമാക്കുമെന്നും, കൊലപാതക രീതികളിലെ സാമ്യം പരിശോധിക്കുമെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി.



1.ബംഗളൂരുവിലെ എസ്.എം.വി.ടി റെയിൽവേ സ്റ്റേഷനിൽ വീപ്പയ്ക്കുള്ളിൽ മൃതദേഹം കണ്ടെത്തിയപ്പോൾ, 2. പോലിസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് എത്തിയപ്പോൾ

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, 2nd Floor, Noor Complex, West Nadakkav, Kozhikode - 11, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.